**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മിഷനിലെ സെക്രട്ടറിയുടേയും ചെയർപേഴ്സന്റെയും പേരിൽ വികാസ് ഭവൻ സബ് ട്രഷറിയിലുള്ള സംയുക്ത അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ മാത്രമുള്ള സിംഗിൾ അക്കൗണ്ടാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം.8088/2018/ധന.** **തീയതി, തിരുവനന്തപുരം, 29/09/2018**

പരാമർശം
1. സ.ഉ.(സാധാ) നം. 7266/2018/ധന തീയതി 30/08/2018.
2. സ.ഉ.(സാധാ) നം. 3980/2015/ധന തീയതി 16/04/2015.
3. 27/09/2018-ലെ കേരള സംസ്ഥാന യുവജന കമ്മിഷൻ സെക്രട്ടറിയുടെ 563/എ 3/2018/കേ.സം.യു.ക നമ്പരായുള്ള കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന യുവജന കമ്മിഷനിലെ സെക്രട്ടറിയുടേയും ചെയർപേഴ്സന്റെയും പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ നിലവിലുള്ള സംയുക്ത അക്കൗണ്ട് വികാസ് ഭവൻ സബ് ട്രഷറിയിലേക്ക് മാറ്റിക്കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പരാമർശം 1 - ലെ സർക്കാർ ഉത്തരവ് പ്രകാരം, കമ്മിഷൻ സെക്രട്ടിയുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ അനുവദിച്ച അക്കൗണ്ട് വികാസ് ഭവൻ സബ് ട്രഷറിയിലേക്ക് മാറ്റി ഭേദഗതി വരുത്തണമെന്ന് പരാമർശം 3 - ലെ കത്തു പ്രകാരം കേരള സംസ്ഥാന യുവജന കമ്മിഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന യുവജന കമ്മിഷനിലെ സെക്രട്ടറിയുടേയും ചെയർപേഴ്സന്റെയും പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ നിലവിലുള്ള സംയുക്ത അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ മാത്രമുള്ള സിംഗിൾ അക്കൗണ്ടാക്കി മാറ്റി - എന്നത് കേരള സംസ്ഥാന യുവജന കമ്മിഷനിലെ സെക്രട്ടറിയുടേയും ചെയർപേഴ്സന്റെയും പേരിൽ വികാസ് ഭവൻ സബ് ട്രഷറിയിൽ നിലവിലുള്ള സംയുക്ത അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ മാത്രമുള്ള സിംഗിൾ അക്കൗണ്ടാക്കി മാറ്റി - പരാമർശം 1 - ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മിഷൻ, വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ (എഡ്യു-ബി) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ